**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1792** **12-09-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണ തുകയും വായ്പയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരിച്ച വകയിലുള്ള പണം കർഷകർക്ക് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് ലഭിച്ചിട്ടുള്ള കണക്ക് പ്രകാരം 2022-23 സീസണിൽ നെല്ല് സംഭരിച്ച വകയിൽ 54339 കർഷകർക്ക് 433 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നത് നൽകുന്ന തിനായി സർക്കാർ 180 കോടി രൂപ അനുവദിച്ചിരുന്നു. അനുവദിച്ച 180 കോടി രൂപയിൽ 71.29 കോടി രൂപ അൻപതിനായിരം രൂപയിൽ താഴെ കുടിശ്ശികയുണ്ടായിരുന്ന, 26548 കർഷകരുടെ മുഴുവൻ കുടിശ്ശിക തുകയും അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. അൻപതിനായിരം രൂപയ്ക്ക് മുകളിൽ കുടിശ്ശിക നൽകാനുണ്ടായിരുന്ന, 27791 കർഷക രുടെ കുടിശ്ശിക തുകയിൽ 7.80 രൂപ നിരക്കിൽ സംസ്ഥാന പ്രോത്സാഹന ബോണസ്, 12 പൈസ നിരക്കിൽ കൈകാര്യ ചെലവ് എന്നിവ ഉൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിക്കഴിഞ്ഞു. ഇതിന് ശേഷം കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശ്ശിക തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി PRS ലോണായി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബാങ്കുകൾ വഴി തുക നൽകി വരുന്നു. 08/09/2023 വരെ 15,361 കർഷകർക്കായി 137.03 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി രൂപ ബാങ്കുകൾ വിതരണം ചെയ്തു വരുന്നു. |
| (ബി) | എങ്കിൽ എന്ന് മുതൽക്കുള്ള പണമാണ് ഇപ്രകാരം കർഷകർക്ക് വിതരണം ചെയ്യാതെ കുടിശ്ശികയായുള്ളത്; ആകെ എത്ര രൂപയാണ് ഇപ്രകാരം സംസ്ഥാനത്തെ കർഷകർക്കെല്ലാംകൂടി കുടിശ്ശികയായി നൽകാനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് ലഭിച്ചിട്ടുള്ള കണക്ക് പ്രകാരം 2022-23 സീസണിൽ നെല്ല് സംഭരിച്ച വകയിൽ 54339 കർഷകർക്ക് 433 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നത് നൽകുന്ന തിനായി സർക്കാർ 180 കോടി രൂപ അനുവദിച്ചിരുന്നു. അനുവദിച്ച 180 കോടി രൂപയിൽ 71.29 കോടി രൂപ അൻപതിനായിരം രൂപയിൽ താഴെ കുടിശ്ശികയുണ്ടായിരുന്ന, 26548 കർഷകരുടെ |

| | | | |
|---|---|---|---|
| | | | മുഴുവൻ കുടിശ്ശിക തുകയും അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. അൻപതിനായിരം രൂപയ്ക്ക് മുകളിൽ കുടിശ്ശിക നൽകാനുണ്ടായിരുന്ന, 27791 കർഷക രുടെ കുടിശ്ശിക തുകയിൽ 7.80 രൂപ നിരക്കിൽ സംസ്ഥാന പ്രോത്സാഹന ബോണസ്, 12 പൈസ നിരക്കിൽ കൈകാര്യ ചെലവ് എന്നിവ ഉൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിക്കഴിഞ്ഞു. ഇതിന് ശേഷം കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശ്ശിക തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി PRS ലോണായി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബാങ്കുകൾ വഴി തുക നൽകി വരുന്നു. 08/09/2023 വരെ 15,361 കർഷകർക്കായി 137.03 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി രൂപ ബാങ്കുകൾ വിതരണം ചെയ്തു വരുന്നു. |
| (സി) | നെല്ല് സംഭരിച്ച വകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര രൂപ വീതമാണ് സപ്ലൈകോയ്ക്ക് നൽകാൻ ഉള്ളത്; ഇവ നൽകുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | കേന്ദ്രസർക്കാരിലേക്ക് ക്ലെയിം ചെയ്ത തുകകളുടെയും, അനുവദിച്ച തുകകളുടെയും അനുവദിക്കാൻ ബാക്കിയുള്ള തുകകളു ടെയും വിവരങ്ങളും നെല്ല് സംഭരണം നടത്തിയത് വഴി സപ്ലൈകോയ്ക്ക് സംസ്ഥാന സർക്കാർ അനുവദിക്കാനുള്ള കുടിശ്ശിക തുകയുടെ വിശദാംശങ്ങളും **അനുബന്ധം** ആയി ചേർക്കുന്നു. സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് ലഭിച്ചിട്ടുള്ള കണക്കുകൾ പ്രകാരം 637.66 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്. കുടിശ്ശിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | നെല്ല് സംഭരണത്തിനായി കേരള ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ; എങ്കിൽ എന്നു മുതൽക്കാണ് ഇതിനായി വായ്പ എടുത്തു തുടങ്ങിയത്; | (ഡി) | ഉണ്ട്; 08/02/2023 ൽ PRS വായ്പ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) | നെല്ല് സംഭരണ വായ്പ കർഷകരുടെ പേരിലാണോ കേരള ബാങ്കിൽ നിന്നും അനുവദിച്ചിരുന്നത്; ഇത് കർഷകരെ കടബാധ്യതയിൽപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ടോ; | (ഇ) | സംസ്ഥാന സർക്കാരുമായുള്ള ധാരണ പ്രകാരം കേരള ബാങ്കിൽ നിന്ന് PRS ലോൺ ആയിട്ടാണ് കർഷകർക്ക് സംഭരണ തുക ലഭ്യമാക്കിയിട്ടുള്ളത്. കർഷകർക്ക് കടബാധ്യത വരുന്ന സാഹചര്യം നിലവിലില്ല. |
| (എഫ്) | നെല്ല് സംഭരണത്തിന് കേരള ബാങ്കിൽ നിന്നുള്ള വായ്പ അല്ലാതെ മറ്റേതെങ്കിലും മാർഗ്ഗങ്ങൾ ആലോചിക്കുകയുണ്ടായോ; എങ്കിൽ കേരള ബാങ്കിൽ നിന്നും വായ്പ എടുക്കാതെ മറ്റ മാർഗ്ഗങ്ങൾ അന്വേഷിക്കുവാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (എഫ്) | നെല്ല് സംഭരണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ SBI, Canara Bank, Federal Bank എന്നീ കൺസോർഷ്യം ബാങ്കുകളിൽ നിന്നും 2500 കോടി രൂപയുടെ വായ്പ ലഭ്യമാക്കിയ കരാർ പ്രകാരം കേരള ബാങ്ക് ഉൾപ്പടെയുള്ള മറ്റു ബാങ്കുകളിൽ നിന്നും വേറെ വായ്പ ലഭ്യമാക്കുന്നതിന് പ്രയോഗിക ബുദ്ധിമുട്ടുള്ളതിനാൽ മറ്റു മാർഗങ്ങൾ ഒന്നും ആലോചിക്കുക യുണ്ടായില്ല. |

| | | | |
|---|---|---|---|
| | | | 2500 കോടി രൂപയുടെ കൺസോർഷ്യം വായ്പ അനുവദിച്ചു നൽകുമ്പോൾ, കരാറനുസരിച്ചു ഒരേ പദ്ധതിക്കായി രണ്ടു തരം വായ്പകൾ നിലനിർത്തുന്നത് അനുവദനീയമല്ലെന്നുള്ളതിനാൽ, കൺസോർഷ്യം ബാങ്കുകളിലെ PRS വായ്പകൾ ഉൾപ്പടെയുള്ള മറ്റു എല്ലാ വായ്പകളും തിരിച്ചടവാക്കേണ്ടതു ള്ളതിനാൽ അവയെല്ലാം മുൻഗണന കൊടുത്തു അടവാക്കുകയുണ്ടായി. അപ്രകാരം 2500 കോടി രൂപയുടെ ലോൺ വിനിയോഗിച്ചു കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകളിൽ നിന്നും നേരത്തെ ലഭ്യമാക്കിയിരുന്ന 600 കോടി രൂപയുടെ WCDL ലോണുകളും, 1900 കോടി രൂപയുടെ PRS വായ്പകളും അടവാക്കുകയുണ്ടായി. ഇതിൽ ഒരു വർഷത്തെ കാലാവധി കഴിഞ്ഞ 2020-21 സീസണിലെ 1050 കോടി രൂപയുടെ (പലിശ & പിഴ പലിശ ഉൾപ്പടെ) PRS വായ്പകൾ അടവാക്കിയതും ഉൾപ്പെടുന്നുണ്ട്.<br><br>കൺസോർഷ്യം ബാങ്കിൽ നിന്നും 2500 കോടി രൂപയുടെ വായ്പ ലഭ്യമാക്കിയ കരാർ പ്രകാരം കൺസോർഷ്യം ബാങ്കിന്റെ അനുമതി കൂടാതെ മറ്റു ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാകുവാനോ, ഈടായി നൽകിയ നെല്ല്, അരി, കുടിശ്ശികകൾ എന്നിവ മറ്റു വായ്പകൾക്ക് ഈടായി നൽകുവാനും പാടില്ല എന്ന വ്യവസ്ഥയുള്ളതിനാൽ കേരള ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ കൺസോർഷ്യം ബാങ്കിൽ നിന്നും തന്നെയാണ് മുഖ്യമായും PRS വായ്പ ലഭ്യമാക്കിയത്.<br><br>കർഷകർക്ക് സമയ ബന്ധിതമായി സംഭരണ തുക കൊടുത്ത് തീർക്കേണ്ടതിനാൽ സർക്കാരിന്റെ നിർദ്ദേശ പ്രകാരം 8.02.2023 തീയതിയിൽ കേരള ബാങ്കിൽ നിന്നും 200 കോടി രൂപയുടെ PRS വായ്പ പദ്ധതി ലഭ്യമാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കേന്ദ്രസർക്കാരിലേക്ക്  ക്ലെയിം ചെയ്ത തുകകളുടെയും, അനുവദിച്ച തുകകളുടെയും അനുവദിക്കാൻ ബാക്കിയുള്ള തുകകളുടെയും വിവരങ്ങൾ സംബന്ധിച്ച വിവരം**

| സാമ്പത്തിക വർഷം | ക്ലെയിം തുക (രൂപയിൽ) | അനുവദിച്ച തുക (രൂപയിൽ) | അനുവദിക്കാൻ ബാക്കിയുള്ള തുക (രൂപയിൽ) |
|---|---|---|---|
| 2018-19 | 5382016292 | 5316600000 | 65416292 |
| 2019-20 | 12217609101 | 10333800000 | 1883809101 |
| 2020-21 | 12692585002 | 12299000000 | 393585002 |
| 2021-22 | 13721312340 | 13199800000 | 521512340 |
| 2022-23 | 14916444738 | 11404100000 | 3512344738 |
| ആകെ | | | 6376667473 |

**നെല്ല് സംഭരണം നടത്തിയത് വഴി  സപ്ലൈക്കോക്ക്  സംസ്ഥാന സർക്കാർ  അനുവദിക്കാനുള്ള കുടിശ്ശികതുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| ഇനം | തുക (കോടിയിൽ) | റിമാർക്സ് |
|---|---|---|
| *സംസ്ഥാന പ്രോത്സാഹന ബോണസ്( SIB)* | 666.69 | 2022 മെയ് മുതൽ 2023 ജൂൺ വരെയുള്ള തുക. |
| *ഔട്ട് ടേൺ റേഷ്യോ (OTR)* | 286.95 | 2018-19 സീസൺ മുതൽ 2021-22 സീസൺ വരെ അനുവദിക്കാനുള്ള ബാലൻസ്  തുക |
| ആകെ | 953.64 | |